പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5890 08/07/2013-ൽ മറുപടിക്ക്

<u>തിരുവനന്തപുരം പുസ്തകമേളയുടെ വിശദാംശങ്ങൾ</u>

<u>ചോദ്യം</u>

ശ്രീ.എം.എ.ബേബി

<u>മറുപടി</u>

ശ്രീ .കെ .സി ജോസഫ്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികകാര്യവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയ തിരുവനന്തപുരം പുസ്തകമേളയുടെ വിശദാംശങ്ങൾ തീയതി സഹിതം വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം പുസ്തകമേള 2013 ജനുവരി 28 മുതൽ ഫെബ്രുവരി 5 വരെ കനകക്കുന്ന് കൊട്ടാരത്തിൽ സംഘടിപ്പിച്ചു. |
| (ബി) | പുസ്തകമേളയ്ക്ക് ഏതെങ്കിലും തരത്തിലുള്ള ധനസഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | തിരുവനന്തപുരം അന്താരാഷ്ട്ര പുസ്തകമേളയിലേക്ക് സ്പോൺസർഷിപ്പ് ഇനത്തിൽ കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിൽ നിന്ന് 92,267/- രൂപയും(തൊണ്ണൂറ്റി രണ്ടായിരത്തി ഇരുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) എസ്.ബി.ടിയിൽ നിന്ന് 1,00,000/- രൂപയും(ഒരു ലക്ഷം രൂപ മാത്രം) പ്രൈം റോസ് കറി പൗഡറിൽ നിന്നും 30,000/- രൂപയും(മുപ്പതിനായിരം രൂപ മാത്രം) ഉൾപ്പെടെ 2,22,267/- രൂപ(രണ്ടു ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി ഇരുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയ പുസ്തകമേളകളുടെ വരവ് ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2012 ജനവരി 4 മുതൽ 14 വരെ തൃശ്ശൂർ തേക്കിൻകാട് മൈതാനത്തിൽ വച്ച് അന്താരാഷ്ട്ര പുസ്തകമേള നടത്തി. ഈ പുസ്തകമേളയിൽ ആകെ 11,61,637/- രൂപ ചെലവും, 7,30,000/- രൂപ വരവും ലഭിച്ചു. തിരുവനന്തപുരം പുസ്തകമേളയിൽ 9,02,261/- രൂപ ചെലവും, 7,39,967/- രൂപ വരവും ലഭിച്ചു. |

സെക്ഷൻ ഓഫീസർ